**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് വ്യാപിക്കുന്ന പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനും പനിമരണങ്ങൾ തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്

സ.ഉ. (സാധാ.)നം.**2096/2017/ത.സ്വ.ഭ.വ.** തിരുവനന്തപുരം, തീയതി, 21.06.2017

---

**<u>ഉത്തരവ്</u>**

മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായും പകർച്ചപ്പനി തടയുന്നതിനുമായും താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1) ഗ്രാമപഞ്ചായത്തിന്റെ / നഗരസഭയുടെ അധികാരപരിധിയിൽ വരുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഓരോന്നിലും ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ രണ്ട് ഡോക്ടർമാരെയും രണ്ടു പാരാമെഡിക്കൽ സ്റ്റാഫുകളേയും താത്ക്കാലികമായി നിയമിക്കേണ്ടതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നവരെക്കൂടി ഉൾപ്പെടുത്തി രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ ടി കേന്ദ്രങ്ങൾ പ്രവർത്തനം നടത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ഇങ്ങനെ നിയമിക്കപ്പെടുന്ന ഡോക്ടർ/പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡങ്ങൾ പ്രകാരമുള്ള വേതനം തനതു ഫണ്ട്/പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് നൽകേണ്ടതാണ്.

2) പ്രാഥമിക സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഉൾപ്പെടെ അവശ്യം വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഇതിന് ആവശ്യമായ ചെലവ് തനതു ഫണ്ട്/ പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ഈ ചെലവുകൾ പിന്നീട് സർക്കാർ റീ - ഇംബേഴ്സ് ചെയ്തുനൽകുന്നതാണ്.

3) മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ വാർഡ് തലത്തിൽ സജീവമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ വാർഡിലും 25000 രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം)വീതം ചെലവഴിക്കാവുന്നതാണ്. ടി തുക ചെലവഴിച്ചതിനുശേഷം ആയത് ക്രമവൽക്കരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യഥാസമയം സ്വീകരിക്കേണ്ടതാണ്.

4) കുടുംബശ്രീ പ്രവർത്തകരുടെയും ആശാവർക്കർമാരുടേയും പങ്കാളിത്തത്തോടെ ഈ മാസം 27, 28, 29 എന്നീ തിയതികളിൽ തുടർച്ചയായ സംഘാടകത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതും ആയതിൽ മന്ത്രിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ടി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
മേയർ/ചെയർമാൻ/പ്രസിഡന്റ്/സെക്രട്ടറി (എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും) (പഞ്ചായത്ത്
ഡയറക്ടർ / നഗരകാര്യ ഡയറക്ടർ മുഖേന)
പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ചെയർമാൻ, മുൻസിപ്പൽ ചെയർമെൻസ് ചേംബർ (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ, മേയേഴ്സ് കൗൺസിൽ (നഗരകാര്യ ഡയറക്ടർ മുഖേന)
ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ (ഗ്രാമവികസന കമ്മീഷണർ
മുഖേന)
പ്രസിഡന്റ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
നഗരകാര്യ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/ കോഴിക്കോട് (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് (വിപുലമായ പ്രചരണത്തിന്)
പൊതുഭരണ (എസ്.സി.) വകുപ്പിന് ( 21.06.17 ലെ O.A.1147 ഇനം പ്രകാരം)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.ക്ക്